(ഡി) യന്ത്രം ഘടിപ്പിച്ച ബോട്ടുകളിൽ മത്സ്യബന്ധനം നടത്തുന്നവർക്ക് ലൈസൻസ് ഏർപ്പെടുത്തുന്നുണ്ടോ?

ഉത്തരം

(എ) 4021 യന്ത്രവൽകൃത ബോട്ടുകൾ.

(ബി) 2150-ൽപരം ബോട്ടുകൾ.

(സി ആന്റ് ഡി) കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് 6-ാം വകുപ്പു പ്രകാരം കേരള സമുദ്രാതിർത്തിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് യന്ത്രവൽകൃത ബോട്ടുകൾക്ക് ലൈസൻസ് ആവശ്യമാണ്.

ഫിഷിംഗ് ഹാർബറുകളുടെ പണി പൂർത്തിയാക്കാൻ നടപടി

144 [2577] പ്രൊഫ. കെ. വി. തോമസ് :

ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെ പണി നടന്നു വരുന്നു. ഇവയ്ക്കുവേണ്ടി എന്തുതുക ചെലവാകും;

(ബി) ഇവയുടെ പണി എന്നത്തേക്കു പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത്;

(സി) നിർദ്ദിഷ്ട തീയതിയിൽ തന്നെ ഇവയുടെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊന്നാനി, മുതലപ്പൊഴി, കായംകുളം, തങ്കശ്ശേരി, വിഴിഞ്ഞം, നീണ്ടകര, തോട്ടപ്പള്ളി എന്നീ ഫിഷിംഗ് ഹാർബറുകളുടെ പണി നടന്നുവരുന്നു. ഇവയ്ക്ക് വേണ്ടി ആകെ 142 കോടി രൂപ ചെലവാകും.

(ബി) വിഴിഞ്ഞം-1990, മുതലപ്പൊഴി-2004, നീണ്ടകര-1997, തങ്കശ്ശേരി-1997, കായംകുളം-1999, തോട്ടപ്പള്ളി-2007, പൊന്നാനി-2006 എന്നിങ്ങനെ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(സി) തോട്ടപ്പള്ളി, മുതലപ്പൊഴി, പൊന്നാനി എന്നിവയൊഴിച്ചുള്ള ഫിഷിംഗ് ഹാർബറുകളുടെ ഭൂരിഭാഗം പണികളും പൂർത്തീകരിച്ചിട്ടുണ്ട്. അവയുടെ ശേഷിക്കുന്ന പണികളും മുതലപ്പൊഴിയിലെ പുലിമുട്ടുകളുടെ നിർമ്മാണവും പുരോഗമിച്ചുവരുന്നു. പൊന്നാനിയിലെ പുലിമുട്ടുകളുടെ നിർത്തിവച്ച നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും തോട്ടപ്പള്ളിയിലെ പുലിമുട്ടുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly